# KERALA POLICE INFORMATION CENTRE

Ph: 0471 2318188   Email: *info.pol@kerala.gov.in*

No.89/PR/PIC/PHQ/18    Date : 14.04.2018

---

**'ട്രിപ്പിൾ റൈഡിങ്ങി'നെതിരെ നിയമനടപടി ശക്തമാക്കും**

ബൈക്കുകളിൽ മൂന്നുപേർ ചേർന്നുള്ള യാത്ര അപകടങ്ങൾ വർധിക്കുന്നതിന് കാരണമാകുന്നതിനാൽ അവ തടയുന്നതിന് നിയമനടപടി ശക്തമാക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി നിർദേശിച്ചു. നഗരപ്രദേശങ്ങളിലും തിരക്കേറിയ സ്ഥലങ്ങളിലും ഇത്തരം പ്രവണത കൂടുതലാണ്. നിയമപരമായി അനുവദനീയമല്ലാത്ത ഈ 'ട്രിപ്പിൾ റൈഡിങ്' നടത്തുന്നവരിൽ ഭൂരിപക്ഷവും ചെറുപ്പക്കാരാണ്. അവർക്കുമാത്രമല്ല, കാൽനടയാത്രക്കാർക്കും മറ്റു വാഹനയാത്രികർക്കും ഇത് അപകടമുണ്ടാക്കാൻ കാരണമാകുന്നു. ഇത്തരത്തിൽ യാത്രചെയ്യുന്ന സംഘങ്ങൾ യാത്രക്കാരെയും വാഹനങ്ങളെയും ഇടിച്ചിട്ട് കടന്നുകളയുന്ന സംഭവങ്ങളും വർധിച്ചുവരുന്നു.

ആയതിനാൽ റോഡു സുരക്ഷ മുൻനിറുത്തി ഇത്തരം യാത്രകൾ ഒഴിവാക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി അഭ്യർഥിച്ചു. ഇവ കണ്ടെത്തുന്നതിനുള്ള പരിശോധനകൾ സുരക്ഷിതമായ രീതിയിലാവണം നടത്തേണ്ടത്. ഇത്തരം പ്രവണതകൾ നിരുത്സാഹപ്പെടുത്തി ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുക എന്നതാണ് ഇത്തരം പരിശോധനകളുടെ ലക്ഷ്യമെന്നും പരിശോധനാവേളയിൽ മാന്യമായ പെരുമാറ്റം ഉറപ്പുവരുത്തണമെന്നും സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് മേധാവിമാർക്കും ബന്ധപ്പെട്ട മറ്റ് പോലീസ് ഉദ്യോഗസ്ഥർക്കും നിർദേശം നല്കി.

*******